സംസ്ഥാനത്തിനു പുറത്ത് സേവനമനുഷ്ഠിക്കുന്ന പോലീസ് സേനാ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

1202. [1638] ശ്രീ. എം. വി. രാഘവൻ :
,, എം. ജിനദേവൻ :
,, സി. കെ. തങ്കപ്പൻ :
,, ഇ. പത്മനാഭൻ :
,, ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനാ വിഭാഗങ്ങൾ സംസ്ഥാനത്തിനു പുറത്ത് സേവനമനുഷ്ഠിച്ചാൽ അവർക്ക് എന്തെല്ലാം പ്രത്യേക ആനുകൂല്യങ്ങൾ ആണ് ലഭിക്കുന്നത് ;

(ബി) ഈ പ്രത്യേകാനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനം തന്നെയാണോ നൽകേണ്ടത് ?

ഉത്തരം

(എ) പോലീസ് സേനാംഗങ്ങളുടെ ഗ്രേഡ് അനുസരിച്ച് കേരളാ സർവ്വീസ് ചട്ടപ്രകാരമുള്ള പ്രത്യേക ദിനബത്തയാണ് ലഭിക്കുന്നത്.

(ബി) ഇതിന് വേണ്ട ചെലവ് താൽക്കാലികമായി സംസ്ഥാന സർക്കാർ വഹിക്കുന്നതും പിന്നീട് ബന്ധപ്പെട്ട സംസ്ഥാനത്തുനിന്നും വസൂലാക്കുന്നതുമാണ്.

പോലീസുകാരുടെ പേരിലുള്ള ന്യൂയിസൻസ് കേസുകൾ

1203. [1639] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 7-7-1985 വരെ സർവ്വീസിലുള്ള പോലീസുകാർ തമ്മിൽ അടിയും കുത്തും വെടിവയ്പ്പും മറ്റുവിധത്തിലുള്ള ന്യൂയിസൻസുംമൂലം കേസുകൾ ചാർജ് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) ഇതിൽ എത്ര പോലീസുകാർ പ്രതികളാണ് ;

(സി) വനിതാ പോലീസിനെ ശല്യപ്പെടുത്തിയതിന് പോലീസുകാരുടെ പേരിൽ നടപടി നടത്തിയ സംഭവമുണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര പോലീസുകാരുടെ പേരിൽ ;

(ഇ) ബലാൽസംഗക്കേസുകളിൽ പോലീസുകാരുടെ പേരിൽ നടപടികളെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേരുടെ പേരിൽ ?

ഉത്തരം

(എ) ഉണ്ട് ; 15 കേസുകൾ.

(ബി) 39 പോലീസുകാർ.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഉണ്ട്. മൂന്നുപേരുടെ പേരിൽ.

LIBRARY ARCHIVES Kerala Legislative Assembly